# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6737 — 10.07.2014 ൽ മറുപടിക്ക്

## പഴയങ്ങാടി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ പഴയങ്ങാടി താലൂക്ക് ആശുപത്രി യിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) & (ബി) പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനനുസരിച്ച് ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതു സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണെങ്കിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്ന തിന് അനുമതി നൽകുമോ; | |
| (സി) ഡയാലിസിസ് സെന്റർ ആരംഭി ക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ; | (സി)<br>• യൂണിറ്റ് തുടങ്ങാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ആശുപത്രിയിൽ സജ്ജീ കരിക്കുക<br>• ഡയാലിസിസ് മെഷ്യനുകളും R.O പ്ലാന്റും അനുബന്ധ സാമഗ്രികളും വാങ്ങി സജ്ജീകരിക്കുക.<br>• ഡയാലിസിസ് ടെക്നീഷ്യന്റേത് അടക്കമുള്ള അധിക തസ്തികകൾ സൃഷ്ടിക്കുക.<br>• ഡോക്ടർമാർക്കും മറ്റു ജീവനക്കാർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുക. |

| | |
|---|---|
| (ഡി) ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ടെക്നീഷ്യൻമാരുടെ തസ്തിക സൃഷ്ടിക്കുകയോ അല്ലെങ്കിൽ നിലവിലുള്ളവർക്ക് പരിശീലനം നല്കുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ